150 YEARS OF CELEBRATING THE MAHATMA

Break the chain

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: അഞ്ജന എം . ഐ എ എസ്)

ഉത്തരവ് നം. SJD/1972/2021-C4

തിരുവനന്തപുരം,
തീയതി. 18/02/2022

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ട്രാൻസ്ജെന്റർ വ്യക്തികൾക്ക് കോവിഡ് വാക്സിനേഷൻ, മാസ്ക്, സാനിട്ടൈസർ എന്നിവ വിതരണം ചെയ്യത് - ഫണ്ട് അനുവദിച്ച ഉത്തരവാകുന്നു

പരാമർശം : 1)കേന്ദ്ര സാമൂഹ്യനീതി വകുപ്പ് മന്ത്രാലയത്തിന്റെ 20.05.2021 ലെ DP-13011/(7)2/2021-DP-1നം കത്ത്.

2)ഈ കാര്യാലയത്തിൽ നിന്നുള്ള 25/05/2021 തീയതിയിലെ ഇതേ നമ്പർ കത്ത്.

3)ജില്ല സാമൂഹ്യനീതി ഓഫീസർമാരുടെ അപേക്ഷകൾ

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കോവിഡ് 19 വാക്സിനേഷനെ കുറിച്ച് അവബോധം നൽകുന്നതിനും, ഇവർക്കുള്ള സേവനങ്ങൾ തടസ്സമില്ലാതെ നൽകുന്നതിനും സംസ്ഥാനത്ത് നിലവിലുള്ള കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങൾ ടിജി സൗഹാർദ്ദപരമാകണമെന്നും, ഇവരോട് പ്രസ്തുത കേന്ദ്രങ്ങളിൽ വിവേചനം കാണിക്കുന്നില്ലായെന്ന് ഉറപ്പാക്കണമെന്നും മൊബൈൽ vaccination ബൂത്ത് മുഖേന vaccination ക്യാമ്പ് സംഘടിപ്പിക്കുന്നതിനും മാസ്ക്, സാനിട്ടൈസർ, പ്രാദേശിക ഭാഷയിലുള്ള ബോധവൽക്കരണ മെറ്റീരിയലുകൾ എന്നിവ ഉൾപ്പെടുത്തി കിറ്റുകൾ വിതരണം ചെയ്യുന്നതിനും കേന്ദ്ര സാമൂഹ്യനീതി വകുപ്പ് മന്ത്രാലയത്തിന്റെ പരാമർശം (1) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്യാമ്പ് സംഘടിപ്പിച്ച് മാസ്ക്,സാനിട്ടൈസർ മുതലായവ വിതരണം ചെയ്യുന്നതിനു പരാമർശം (2) പ്രകാരം എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചതിലേയ്ക്കും, ക്രെഡിറ്റ് വ്യവസ്ഥയിൽ മാസ്ക്, സാനിട്ടൈസർ മുതലായവ വാങ്ങി വിതരണം ചെയ്ത വകയിലും ചിലവായ തുക അനുവദിച്ച് നൽകുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ബിൽ സഹിതം പരാമർശം (3)പ്രകാരം അപേക്ഷിച്ചിരിയ്ക്കുന്നു.

തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു .

ക്രമ നം	ജില്ല	അനുവദിക്കേണ്ട തുക
1	തിരുവനന്തപുരം	12346/-

2	കൊല്ലം	4982/-
3	ആലപ്പുഴ	1520/-
4	കോട്ടയം	2101/-
5	എറണാകുളം	4212/-
6	കോഴിക്കോട്	2240/-
7	കാസർഗോഡ്	1586/-
	ആകെ	28987/-

ഇക്കാര്യം പരിശോധിച്ചിട്ടുള്ളതും, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പ് നടത്തി മാസ്ക്, സാനിട്ടൈസർ തുടങ്ങിയവ വിതരണം ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത തുക അനുവദിക്കാവുന്നതാണെന്നു ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി പ്രത്യേക മൊബൈൽ ബൂത്ത് സജ്ജീകരിച്ച് വാക്സിനേഷൻ ക്യാമ്പ് നടത്തുകയും മാസ്ക്, സാനിട്ടൈസർ എന്നിവ ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങി വിതരണം ചെയ്ത വകയിലും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള 28,987/-**(ഇരുപത്തിയെട്ടായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം)** മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത് പ്രകാരം ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു. മേൽ തുക 28,987/ രൂപ ജില്ല സാമൂഹ്യനീതി ഓഫീസർമാർ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് മാറി നല്കേണ്ടതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ ട്രാൻസ്ജെന്റർ ക്ഷേമ പദ്ധതികൾക്കായുള്ള 2235-60-200-64(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും തുക അനുവദിച്ച നടപടിയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതുമാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
പകർപ്പ്:

1. സൂപ്രണ്ട് എ സെക്ഷൻ/പ്ലാനിംഗ് സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്